**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4645 26.10.2016-ൽ മറുപടിയ്ക്ക്**

**സ്വകാര്യ കന്നുകാലി ഫാമുകളുടെ വിവരശേഖരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, കെ.എം.ഷാജി<br>,, ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ കന്നുകാലി ഫാമുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) നടത്തിയിട്ടുണ്ട്.<br>ആകെ 3966 സ്വകാര്യ കന്നുകാലി ഫാമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-<br>തിരുവനന്തപുരം - 346<br>കൊല്ലം -543<br>പത്തനംതിട്ട -30<br>ആലപ്പുഴ -76<br>കോട്ടയം -220<br>ഇടുക്കി -185<br>എറണാകുളം -250<br>തൃശ്ശൂർ -150<br>പാലക്കാട് -247<br>മലപ്പുറം -558<br>കോഴിക്കോട് -52<br>വയനാട് -481<br>കണ്ണൂർ -675<br>കാസർഗോഡ് -153<br>**ആകെ -3966** |
| ബി) കന്നുകാലി ഫാമുകൾക്ക് നല്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) സ്വകാര്യ ഫാമുകൾക്ക് സാങ്കേതിക ഉപദേശം, ചികിത്സ, പ്രജനന സൗകര്യങ്ങൾ, എന്നിവ ലഭ്യമാക്കുന്നു. മൃഗസംരക്ഷണ വകുപ്പ് വഴി മുൻവർഷങ്ങളിൽ, ബയോഗ്യാസ്, വീൽബാരോ, മാറ്റുകൾ മാതലായവ വിതരണം നടത്തിയിട്ടുണ്ട്. 2016-17 വർഷം ചെറുകിട ഫാമുകൾക്ക് കറവയന്ത്രം വാങ്ങാൻ സാമ്പത്തിക സഹായം നൽകുന്നു. ആയതിലേക്ക് 696 എണ്ണം വിതരണം നടത്തുന്നതിലേയ്ക്കായി 174 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. ത്രിതല പഞ്ചായത്ത് തലത്തിൽ കന്നുകാലി ഫാമുകൾക്ക് ഉരുക്കളെ |

വങ്ങോടം തൊഴുത്ത് നിർമ്മാണം അനുബന്ധ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

| | | |
|---|---|---|
| സി) | സർക്കാർ ഫാമുകളിൽ നിന്ന് സ്വകാര്യസംരംഭകർക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) സ്വകാര്യസംരംഭകർക്ക് സാറ്റലൈറ്റ് യൂണിറ്റുകൾ നടത്താനാവശ്യമായ ആട്ടിൻകുട്ടികൾ, പന്നിക്കുട്ടികൾ മുതലായവ വിതരണം നടത്തി വരുന്നു. സ്വകാര്യസംരംഭകർക്ക് സാങ്കേതിക ഉപദേശം, പ്രായോഗിക പ്രവർത്തി പരിശീലനം എന്നിവ നൽകുന്നതിനോടൊപ്പം അവ ഒരു മാതൃകാ സ്ഥാപനം/ ഡെമോൺസ്ട്രേഷൻ യൂണിറ്റായി പ്രവർത്തിക്കുന്നു. പുൽക്കൃഷി നടത്തുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും പുൽക്കൂട വിതരണവും നടത്തുന്നു. |

സെക്ഷൻ ഓഫീസർ